# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5659** — **18/11/2019-ൽ മറുപടിക്ക്**

## സിദ്ധ മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** | സംസ്ഥാനത്ത് സിദ്ധ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ; | **എ)** | ഉണ്ട്.<br>സംസ്ഥാനത്ത് സിദ്ധ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാനായി സംസ്ഥാന സർക്കാരിന്റെ അധീനതയിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ്, തിരുവനന്തപുരം, റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം എന്നിവിടങ്ങളിൽ പ്രത്യേകം ആയുഷ് സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. ഔഷധ നിർമ്മാണ സ്ഥാപനങ്ങളിൽ നിന്നും ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധന വേളയിൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി സർക്കാർ ലാബുകളിലേയ്ക്ക് അയയ്ക്കാറുണ്ട്. കൂടാതെ പരാതികൾ ലഭിച്ചാൽ വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് 7 ആയുഷ് അംഗീകൃത ലാബുകൾ സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നുണ്ട്. ഇവിടത്തെ ക്രമീകരണങ്ങൾ അനുസരിച്ച് പൊതു-ജനങ്ങൾക്കും ഔഷധ നിർമ്മാതാക്കൾക്കും സാമ്പിൾ നൽകിയാൽ പരിശോധനാ ഫലം ലഭിക്കുന്നതാണ്. |
| **ബി)** | ആയുർവ്വേദ, സിദ്ധ - യുനാനി ഡ്രഗ് കൺട്രോളറുടെ കീഴിൽ സിദ്ധ വിദഗ്ദ്ധർ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | **ബി) യും സി) യും** | ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ സിദ്ധ വിദഗ്ധരോ ഡ്രഗ്സ് ഇൻസ്പെക്ടർ (സിദ്ധ), ഡ്രഗ്സ് ഇൻസ്പെക്ടർ (യുനാനി) തസ്തികകളോ നിലവിലില്ല. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940, ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945 എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവേദം) ആണ് ആയുർവേദ സിദ്ധ യുനാനി ഔഷധ നിർമ്മാണ സ്ഥാപനങ്ങൾ പരിശോധിക്കുന്നത്. |
| **സി)** | എം.എസ്.യു. ഡ്രഗ് ഇൻസ്പെക്ടർമാരിൽ എത്ര സിദ്ധ, യുനാനി ഡ്രഗ് ഇൻസ്പെക്ടർമാരുണ്ട്; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| ഡി) | സിദ്ധയുടെ വിദഗ്ദ്ധർ ഇല്ലാതെ സിദ്ധ മരുന്നുകൾക്ക് ലൈസൻസ് അനുവദിക്കാറുണ്ടോ; അറിയിക്കാമോ; | ഡി) യും ഇ) യും | ഇപ്പോൾ സർക്കാർ ആയുഷ് മാർഗ്ഗ നിർദ്ദേശപ്രകാരം ഏർപ്പെടുത്തിയ Expert Committee - ൽ സിദ്ധ വിദഗ്ധനെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഫോർമുലകൾ, ലിസ്റ്റ് എന്നിവ വിലയിരുത്തുമ്പോൾ മതിയായ യോഗ്യതയുള്ള സിദ്ധ വിദഗ്ദ്ധന്റെ അഭിപ്രായം തേടാറുണ്ട്. കൂടാതെ സിദ്ധൗഷധ നിർമ്മാതാക്കൾ സമർപ്പിക്കുന്ന അപേക്ഷയിൽ അവരുടെ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സിദ്ധ സാങ്കേതിക വിദഗ്ധൻ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് കൂടി അപേക്ഷയ്ക്ക് ഒപ്പം സമർപ്പിക്കുന്നുണ്ട്. കൂടുതൽ വിലയിരുത്തുന്നതിനായി ലൈസൻസിംഗ് അതോറിറ്റി നേരിട്ട് സാങ്കേതിക വിദഗ്ദ്ധന്റെ അഭിപ്രായവും സഹായവും തേടാറുണ്ട്. |
| ഇ) | എങ്കിൽ എന്തടിസ്ഥാനത്തിലാണ് വിദഗ്ദ്ധർ ഇല്ലാതെ ലൈസൻസ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | | |

**സെക്ഷൻ ഓഫീസർ**